# ഭാഗം 3

മലയാളകവിതയ്ക്ക് നവോന്മേഷം പകർന്ന കവികളാണ് വൈലോപ്പിള്ളി, ജി.ശങ്കരക്കുറുപ്പ്, ഇടശ്ശേരി തുടങ്ങിയവർ. രൂപത്തിലും ഭാവത്തിലും കരുത്തും സൗന്ദര്യവുമാർജിക്കാൻ ഇവരുടെ കവിതകൾക്കു കഴിഞ്ഞിട്ടുണ്ട്. പാശ്ചാത്യവും പൗരസ്ത്യവുമായ കവനസമ്പ്രദായങ്ങളെ മലയാളത്തിന്റെ തനിമയിൽ സമന്വയിക്കുക എന്ന ദൗത്യമാണ് ഈ കവികൾ നിർവഹിച്ചത്. അതുകൊണ്ടുതന്നെ മലയാള കവിതയുടെ ഒരു പരിവർത്തനഘട്ടമായി ഇവരുടെ കാലത്തെ കരുതാവുന്നതാണ്.

പാശ്ചാത്യകവിതയിലെ പല നൂതനസങ്കേതങ്ങളും ജി.ശങ്കരക്കുറുപ്പ് മലയാളത്തിനു പരിചയപ്പെടുത്തി. ബിംബങ്ങളിലൂടെ ആശയങ്ങളും അനുഭൂതികളും ആവിഷ്കരിക്കുന്ന സമ്പ്രദായം, പുരാവൃത്തങ്ങൾകൊണ്ട് കവിതയ്ക്ക് പുതിയ മാനം നൽകുന്ന രീതി എന്നിങ്ങനെ പല പരീക്ഷണങ്ങളും സാർഥകമായി നിർവഹിക്കാൻ ജി.ക്കു കഴിഞ്ഞു. ആത്മീയാനുഭൂതികൊണ്ട് മനസ്സുകളെ സംശുദ്ധമാക്കാൻ കഴിയുമെന്ന് നമ്മുടെ കവികൾ പണ്ടേ അറിഞ്ഞിരുന്നെങ്കിലും പാശ്ചാത്യലോകത്ത് ഉടലെടുത്ത മിസ്റ്റിക്-സിംബോളിക് കാവ്യരചനാസമ്പ്രദായം ഇവിടെ പരിചയപ്പെടുത്തിയത് ജി.യാണ്. സാമൂഹിക യാഥാർഥ്യങ്ങളോടുള്ള ശക്തമായ പ്രതികരണമാണ് ജി.യുടെ 'പഥികന്റെ പാട്ട്'. സമൂഹജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നന്മകളെക്കുറിച്ചുള്ള വ്യഥയും ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയും ഈ കവിതയിൽ ഒത്തുചേരുന്നു.

ഗ്രാമീണജീവിതത്തിന്റെ ചൈതന്യം ഉൾക്കൊള്ളുന്നവയാണ് ഇടശ്ശേരിക്കവിതകൾ. പുരാവൃത്തങ്ങളും ആദിരൂപങ്ങളും കൊണ്ട് സമ്പന്നമാണ് അവ. നാടൻപാട്ടിന്റെ താളവും ലയവും അവയിൽ കാണാം. ലളിതമായ ഭാഷയും വൈവിധ്യമാർന്ന അനുഭൂതികളും അനുവാചകന് ഇവ പകർന്നുതരുന്നു. കവിയുടെ ഉള്ളിൽ ഊറിക്കൂടിയ വിചാരങ്ങളെയും അനുഭൂതികളെയും കവിതയാക്കി മാറ്റുന്ന ഒരു പ്രക്രിയയുണ്ട്. പലപ്പോഴും നിർവചനങ്ങൾക്കും വിശദീകരണങ്ങൾക്കും വഴങ്ങാത്ത ആ മനോവ്യാപാരം കവിതന്നെ പറഞ്ഞാലോ? കവിതപോലെ ഹൃദ്യമായ ഭാഷയിൽ ഇടശ്ശേരി അങ്ങനെ ഒരു കഥ പറയുന്നു. പൂതപ്പാട്ടിന്റെ ജനനകഥ. അതാണ് 'തുടികൊട്ടും ചിലമ്പൊലിയു'മെന്ന ലേഖനം.

കൊന്നപ്പൂക്കളും ഓണക്കാഴ്ചകളും കൊണ്ടു നിറഞ്ഞ കവിഹൃദയമാണ് വൈലോപ്പിള്ളിയുടേത്. കേരളീയപ്രകൃതിയുടെ സൗന്ദര്യം അതിന്റെ സമഗ്രതയിൽ ദർശിക്കണമെങ്കിൽ വൈലോപ്പിള്ളിയുടെ കവിതകളിലൂടെ കടന്നുപോയാൽ മതി. ജീവിതത്തിന്റെ നിർമലഭാവങ്ങളും നൊമ്പരങ്ങളും ഹൃദയാവർജകമാംവിധം അദ്ദേഹം കവിതകളിൽ പകർത്തിയിട്ടുണ്ട്. കേരളീയ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായ വിഷുക്കണിയും കൊന്നപ്പൂവും ഗ്രാമീണനന്മയുടെ പ്രതീകമായി കവി കാണുന്നു. കഴിഞ്ഞുപോയ വിഷുപ്പുലരിയെക്കുറിച്ചുള്ള ഓർമകളും വിടരാനിരിക്കുന്ന കൊന്നപ്പൂക്കളെക്കുറിച്ചുള്ള പ്രതീക്ഷകളും വിഷുക്കണി എന്ന കവിതയിൽ കവി കാഴ്ചവയ്ക്കുന്നു.

മലയാളകവിതയുടെ ഒരു പരിണാമഘട്ടത്തെക്കുറിച്ചുള്ള സമഗ്രധാരണ വളർത്താൻ മേൽപ്പറഞ്ഞ പാഠങ്ങൾ സഹായകമാവും. ഈ കാലഘട്ടത്തിലെ ഇതരകവികളുടെ രചനകൾ പരിശോധിക്കാനും ഇവ പ്രയോജനപ്പെടുത്തണം. കവിതയിലെ ബിംബകല്പന, മിത്തുകളുടെ സന്നിവേശം, ഭാവപരമായ പുതുമ എന്നിവ വിലയിരുത്താൻ പാഠഭാഗങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

ഈ ഭാഗം പഠിക്കുന്നതിലൂടെ താഴെ പറയുന്ന ഭാഷാപരമായ കഴിവുകൾ വികസിക്കേണ്ടതുണ്ട്:

- കവിതകൾ ഭാവമുൾക്കൊണ്ട് അവതരിപ്പിക്കുന്നതിന്
- കവിതകൾ അപഗ്രഥിച്ച് നിരൂപണങ്ങളും ആസ്വാദനങ്ങളും രൂപപ്പെടുത്തുന്നതിന്
- കാവ്യഭാഗങ്ങളിലെ അലങ്കാരഭംഗിയും ബിംബകല്പനയും കണ്ടെത്തി വിശദീകരിക്കുന്നതിന്.
- കവിതാ ചർച്ചകളിൽ പങ്കെടുത്ത് നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിന്.
- അഭിരുചിക്കനുസരിച്ച് സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന്.

# 7. വിഷുക്കണി



നീളമേറുന്നൂ, ചൂടും നിതരാം ദിനങ്ങൾക്ക്.
ചൂളയിൽനിന്നെന്നപോലടിക്കും പൊടിക്കാറ്റിൽ

നീറിവേ,ർത്തിമ താണു കാണുകയാവാം ഭദ്രേ
നീ പകൽക്കിനാവ്-പൂഞ്ചോലകൾ, വനങ്ങളും.

അതു നല്ലത്, പക്ഷേ, വിഹരിപ്പിതീ വെയ്‌ലിൽ
പുതുവേട്ടാളൻകുഞ്ഞുപോലെയെൻ കുട്ടിക്കാലം.

വാടാതെയുണ്ടെന്നുള്ളിൽ പണ്ടുകാലത്തിൻ നീണ്ട
ചൂടാണ്ട മാസങ്ങളിൽ പൂവിട്ടൊരുല്ലാസങ്ങൾ!

കൂട്ടുകാരോടുംകൂടിപ്പാഞ്ഞെത്തിപ്പെറുക്കുന്ന
നാട്ടുമാമ്പഴങ്ങൾതൻ ഭിന്നഭിന്നമാം സ്വാദും,

വയലിൻ കച്ചിപ്പുകമണവും, സ്വർഗത്തിലേ-
ക്കുയരും വെൺമുത്തപ്പത്താടിതൻ ചാഞ്ചാട്ടവും,

കശുവണ്ടിതൻ കൊച്ചുകോമാളിച്ചിരിയും കൺ-
മഷി ചിന്നിയ കുന്നിമണിതൻ മന്ദാക്ഷവും,

കടലിൻമാറത്തുനിന്നുയരും കാറ്റിൽ തെങ്ങിൻ-
മടലിൽ പച്ചോലകൾ കല്ലോലമിളക്കുമ്പോൾ

വെട്ടിയ കുളങ്ങൾതൻ പഞ്ചാരമണൽത്തിട്ടിൽ
വെട്ടവും നിഴലും ചേർന്നിയലും നൃത്തങ്ങളും

ഞാനനുഭവിക്കയാണോർമയിൽ, ചുടുവെയ്‌ലിൽ
സാനന്ദം കളിച്ചാർക്കും തോഴർതൻ ഘോഷങ്ങളും,

തേക്കുകാരുടെ പാട്ടും, അമ്മമാരുടെ നേരം-
പോക്കു, മാ നാടൻചക്കിൻ സ്നിഗ്ധമാം ഞരക്കവും!

ഹാ, വെളിച്ചത്തിന്നോമനമകളേ, കണിക്കൊന്ന-
പ്പൂവണിപ്പൊൻമേടമേ, നല്ലനധ്യായത്തിന്റെ

ദേവതേ, സൂരോഷ്ണത്തെത്തൂനിഴലഴികളിൽ
കേവലം തടവിൽച്ചേ,ർത്തുഗ്രവേനലിനേയും

എന്റെയീ മലനാട്ടിലുത്സവക്കൊടിക്കീഴിൽ
ചെണ്ടകൊട്ടിക്കും നിന്റെ ചാതുര്യമെന്തോതേണ്ടു?

മഴയെപ്പുകഴ്ത്തട്ടേ മണ്ഡൂകം, മാവിൻ ചുന
മണക്കും മേടത്തിന്റെ മടിയിൽ പിറന്ന ഞാൻ

സ്വർഗവാതിൽപ്പക്ഷിയോടൊപ്പമേ വാഴ്ത്തിപ്പാടു-
മുദ്ഗളം, മലനാട്ടു വേനലിന്നപദാനം!

പിന്നെയുമൊന്നുണ്ടു, പണ്ടൊരു വേനലിലച്ഛൻ
കണ്ണട,ച്ചെൻവീടെല്ലാം പകലുമിരുണ്ടപ്പോൾ

വന്നു ഞാൻ ഭദ്രേ കണികാണാത്ത കൗമാരത്തിൻ
ഖിന്നതയോടേ വിഷുനാളിൽ നിൻതറവാട്ടിൽ.

അപ്പുറത്തുത്സാഹത്തിലാണു നിന്നേട്ടൻ, ഞാനോ
നിഷ്ഫലമെന്തോ വായിച്ചുമ്മറത്തിരിക്കവേ

മിണ്ടാതെയാരോ വന്നെൻകൺമിഴി പൊത്തി,"ക്കണി
കണ്ടാലു," മെന്നോതി, ഞാൻ പകച്ചു നോക്കുംനേരം

എന്തൊരത്ഭുതം, കൊന്നപ്പൂങ്കുല വാരിച്ചാർത്തി-
സ്സുന്ദരസ്മിതം തൂകി നില്ക്കുന്നു നീയെൻ മുന്നിൽ!

ലോലമായ്, വിളർത്തൊന്നുമറിയാത്തൊരു കുരു-
ത്തോലപോലെഴും പെണ്ണിന്നിത്രമേൽ കുറുമ്പെന്നോ?

"പരിഹാസമോ, കൊള്ളാം" എന്നു ഞാൻ ചോദിക്കെ,യ-
പ്പരിതാപത്തിന്നാഴം പെട്ടെന്നു മനസ്സിലായ്.

ബാഷ്പസങ്കുലമായ കൺകളോ, "ടയ്യോ, മാപ്പെ"-
ന്നാപ്പരിമൃദുപാണി നീയെന്റെ കൈയിൽ ചേർക്കേ,

ആ വിഷുക്കണി കണ്ടും കൈനേട്ടം മേടിച്ചുമെൻ
ജീവിതം മുൻകാണാത്ത ഭാഗ്യത്തെയല്ലോ നേടി!

തേനാളും കനിയൊന്നും തിരിഞ്ഞു നോക്കീടാതെ
ഞാനാകും പുളിങ്ങയെയെങ്ങനെ കാമിച്ചു നീ?

പിന്നീടു ദുഃഖത്തിന്റെ വരിഷങ്ങളും, മൗഢ്യം
ചിന്നീടും പല മഞ്ഞുകാലവും കടന്നു നാം

പിരിയാതെന്നേക്കുമായ് കൈപിടിക്കവേ, നിന്റെ
ചിരിയാൽ വിഷുക്കണിയായിതെന്നുമെൻ വീട്ടിൽ.

ഇങ്ങകായിലും, കായിട്ടുല്ലസിക്കുമിത്തൊടി-
യിങ്കലും, തൊഴുത്തിലും, തുളസിത്തറയിലും

പതിവായ് തവ നാളം ദ്യോതിക്കേ, മമ യത്നം
പതിരായ്ത്തീരാറില്ലിപ്പുഞ്ചനെല്പാടത്തിലും.

കീഴടക്കുന്നുപോലും മനുജൻ പ്രകൃതിയെ!
കീഴടക്കാതേ, സ്വയമങ്ങു കീഴടങ്ങാതെ

അവളെ സ്നേഹത്തിനാൽ സേവിച്ചു വശയാക്കി,-
യരിയ സഖിയാക്കി വരിച്ചു പാലിക്കുകിൽ

നാം ഭുജിക്കില്ലേ നിത്യമാ വരദയോടൊത്തു
ദാമ്പത്യസുഖംപോലെ കായ് മുറ്റുമൊരു സുഖം?

ഒന്നുതാനിനി മോഹം, കണിവെള്ളരിക്കപോൽ
നിന്നുടെ മടിത്തട്ടിൽ തങ്കുമീ മണിക്കുട്ടൻ

ഏതു ധൂസരസങ്കല്പങ്ങളിൽ വളർന്നാലും,
ഏതു യന്ത്രവൽകൃതലോകത്തിൽ പുലർന്നാലും,

മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻവെളിച്ചവും
മണവും മമതയും - ഇത്തിരി കൊന്നപ്പൂവും!

**കയ്പവല്ലരി]** **[വൈലോപ്പിള്ളി**

## അവധാരണചോദ്യങ്ങൾ

- കവിയുടെ ഉള്ളിൽ വാടാതെ നിൽക്കുന്ന ഉല്ലാസങ്ങൾ എന്തൊക്കെ?
- മേടമാസത്തിന്റെ ചാതുര്യമായി കവി കാണുന്നതെന്തെല്ലാം?
- “എൻവീടെല്ലാം പകലുമിരുണ്ടപ്പോൾ” - ഇരുണ്ടതെങ്ങനെ?
- “പരിഹാസമോ, കൊള്ളാം.” ഇങ്ങനെ ചോദിക്കാൻ കാരണമെന്ത്?
- “ജീവിതം മുൻകാണാത്ത ഭാഗ്യത്തെയല്ലോ നേടി?” - നേടിയ ഭാഗ്യമെന്ത്?
- “നാം ഭുജിക്കില്ലേ നിത്യമാ വരദയോടൊത്തു ദാമ്പത്യസുഖംപോലെ കായ് മുറ്റുമൊരു സുഖം”

  നിത്യസുഖം അനുഭവിക്കാൻ കഴിയുന്നത് എപ്പോഴാണ്?

■

# 8. തുടികൊട്ടും ചിലമ്പൊലിയും

പൂതപ്പാട്ട് എന്ന എന്റെ കൊച്ചുകൃതിയെ മുൻനിർത്തി ഓർമയിൽ തങ്ങിനിൽക്കുന്ന ചില വസ്തുതകൾ ഇവിടെ പകർത്താൻ ശ്രമിക്കാം.

ആൾ ഇന്ത്യാ റേഡിയോവിന്റെ കോഴിക്കോടു നിലയം ഒരു കവിത വായിക്കാനാവശ്യപ്പെട്ടു. എഴുതിയുണ്ടാക്കാൻ ധാരാളം സമയമുണ്ട്. അതേ കാരണംകൊണ്ടുതന്നെയാവണം ആ വസ്തുത ഏതാണ്ട് മറന്നിരുന്നു. അപ്പോഴാണ് സ്ക്രിപ്ട് അയയ്ക്കാനുള്ള അറിയിപ്പ് എത്തുന്നത്. മനസ്സിന്റെ ശൂന്യതയിലേക്ക് കുറച്ചു പരിഭ്രമം മാത്രം കടന്നുവന്നു. എന്താണ് എഴുതേണ്ടത്? ബോധത്തിന്റെ തന്ത്രിയിൽ ഒരു താളസ്ഫുരണം പോലുമില്ല.

“എൻപുത്രിക്കാഭിജാത്യം തടവിന ധരണീപാലൻ” എന്നു തുടങ്ങുന്ന ഒരു പ്രസിദ്ധശ്ലോകമില്ലേ, എന്റെ കവനശ്രമത്തിന്റെ ചരിത്രം അതിൽ പറയുംപോലെയാണ്. കലശലാണ് മോഹം. എഴുതാനിരിക്കുമ്പോൾ സമയം പോരാ, ഏകാഗ്രതയില്ല, പഠിച്ചതൊന്നും ഓർമയില്ല, റഫർ ചെയ്യാൻ പുസ്തകങ്ങളില്ല, വികല്പമറ്റ പദങ്ങളില്ല, എന്തിന്, എഴുതിക്കഴിയുമ്പോൾ നമ്പൂതിരിപ്പാട് പറഞ്ഞതുപോലെതന്നെ ‘ഒരു കന്നനാവും കലാശം’.

അസ്വസ്ഥനായി ഞാൻ തോട്ടത്തിൽ അലയുകയോ കടും വെളിച്ചം കുത്തിയൊലിക്കുന്ന വയലിലേക്കു നോക്കിനിൽക്കുകയോ ചെയ്തിരിക്കണം. വ്യക്തമോ ചലനവിധേയമോ ആയ ഒരു രൂപവും മനസ്സിൽ പതിഞ്ഞില്ല. ഹൃദ്യമായ ഒരു മനോരാജ്യം പോലും കയറിവരാത്ത മനസ്സ് എങ്ങനെ സൃഷ്ട്യുന്മുഖമാകും? കർമനിരതമായിരിക്കുമ്പോൾ നാം ശ്രദ്ധിക്കാത്തവയും ശ്രദ്ധിക്കാൻ തുടങ്ങിയാൽ ക്ഷുദ്രതകൊണ്ടു നിന്ദയോ വെറുപ്പോ മാത്രം ഉളവാക്കാൻ പോരുന്നവയുമായ ശബ്ദവിശേഷങ്ങൾ, പണിക്കാരുടെ ഞായങ്ങൾ, അയൽപക്കക്കാരുടെ കലഹങ്ങൾ, പച്ചക്കറിക്കച്ചവടക്കാരന്റെ മയറ്റലുകൾ ഇങ്ങനെ ചിലത് സവിശേഷ വൈരത്തോടുകൂടി അന്നും എന്നെ ആക്രമിച്ചിരിക്കണം. ഇതൊന്നും വളരെ വ്യക്തമായ ഓർമയിൽനിന്ന് നിരത്തുന്നതല്ല. ഒരു കാര്യം മാത്രമേ ഈ കൃതി കരുപ്പിടിപ്പിച്ച സന്ദർഭത്തെക്കുറിച്ച് ശരിക്ക് ഓർമയുള്ളൂ. ഇത്തരം സൈ്വരക്കേടുകൾക്കിടയിൽ ദൂരത്തുനിന്നു കേട്ട ഒരു തുടികൊട്ടലിന്റെ ശബ്ദം. ഒരു തെങ്ങിൻതോപ്പിലൂടെ നടക്കുമ്പോൾ ഉയരത്തിൽ എവിടെയോ ഇരുന്ന് ഓടുറച്ച തടിമേൽ മരംകൊത്തിയുണ്ടാക്കുന്ന മുഴങ്ങുന്നതും ഏകാന്തവുമായ നാദം പോലെ ചക്രവാളത്തിൽനിന്ന് പുറപ്പെട്ട ആ തുടികൊട്ടൽ ഒരു മുഖാവരണത്തോടുകൂടി ഇടമുറിഞ്ഞിടമുറിഞ്ഞ് കേൾക്കാൻ തുടങ്ങിയതോടെ മനസ്സ് ഉൽക്കണ്ഠിതമായി. ചുറ്റുപാടുമുള്ള അസ്വരസങ്ങളിൽനിന്ന് അത് ഉൾവലിയുകയും എന്തിനെയോ കുറിച്ച് ധ്യാനനിരതനാവാനുള്ള സ്വഭാവം കൈവരിക്കുകയും ചെയ്തു. പൂതത്തിന്റെ വരവാണ്. ചിരപരിചയം കൊണ്ട് ആ നാദം തിരിച്ചറിയാം. തനിയേ എന്റെ മനസ്സ് മന്ത്രിച്ചു. “ഉണ്ണിയെ വേണോ ഉണ്ണിയെ വേണോ” എന്ന് അതിന്റെ തന്ത്രികൾ താളാത്മകമായിക്കഴിഞ്ഞിരുന്നു.

ശൈശവം കൂടുതൽ ഭാവനാ പൂർണവും സൃഷ്ടികർമത്തിൽ ജാഗരൂകവുമാണല്ലോ. അതുകൊണ്ട് ഒരിക്കൽ ശൈശവത്തിന്റേതായ അന്തരീക്ഷം കൈവരുമ്പോൾ കുറെ മണ്ണപ്പങ്ങൾ വാർത്തുവയ്ക്കാതെ വയ്യ. ശൈശവത്തിന്റേതായ അന്തരീക്ഷം എന്ന് ഈ കൃതിയെ (പൂതപ്പാട്ട്) അനുസ്മരിക്കുമ്പോൾ പറയാൻ വിശേഷിച്ചും കാരണമുണ്ട്. ഈ കവിത എന്റെ തിരഞ്ഞെടുത്ത കൃതികളിൽച്ചേർത്ത് അച്ചടിച്ചപ്പോൾ പഴയ ധാരണ വച്ചുകൊണ്ട് ഒരടിക്കുറിപ്പ് ചേർത്തിട്ടുണ്ട്. അതിവിടെ പകർത്തുന്നത് അനാവശ്യമായിരിക്കും. അതിൽ വിവരിച്ചപോലെ നമ്മുടെ നാട്ടിൻപുറത്ത് ഈ നൂറ്റാണ്ടിന്റെ* ആദ്യാർധത്തോടൊപ്പം വളർന്നു വന്ന ഒരു മനുഷ്യാത്മാവിന് സ്വന്തം അയൽക്കാരെപ്പോലെതന്നെ പരിചിതമാണ് വിവിധ വേഷക്കാരും വിവിധ സ്വഭാവ

* ഇരുപതാം നൂറ്റാണ്ട്

ക്കാരുമായ നിരവധി ദേവതകൾ. മനുഷ്യർ, തിര്യക്കുകൾ, സ്ഥാവരങ്ങൾ എന്ന ഭേദബുദ്ധി ഉറയ്ക്കുന്നതിനു മുമ്പ് സമഭാവനയോടെ എല്ലാറ്റിനോടും കൊഞ്ചുകയും കലഹിക്കുകയും ചെയ്യുന്ന ബാലമനസ്സ് അവയോടൊപ്പം ഇടയ്ക്കിടയ്ക്ക് കാണുന്ന പേക്കോലങ്ങളിലൂടെ സ്വന്തം മനസ്സിൽ അസ്തിത്വമുറച്ച ദേവതകളെയും ഒരു നടുക്കത്തോടുകൂടിയാണെങ്കിലും മനോരാജ്യമണ്ഡലത്തിൽ വാഴിച്ചുപോകുന്നുണ്ട്. അങ്ങനെ പ്രപഞ്ചത്തിന്റെ അദൃശ്യാന്തരങ്ങളിലേക്കു കൂടി ആ ബാലഭാവന വളർന്നു വരുന്നു.

ഗൃഹമംഗലകാരകമായ പൂതവും അനുചരസംഘവും മുറ്റത്തുവന്ന് കളി കഴിഞ്ഞുനിൽക്കുമ്പോൾ അതിനുള്ള ഉപായനം കൊണ്ടുവയ്ക്കുകയായി. അതുംകൊണ്ടുവരുന്ന അമ്മയുടെ മുമ്പിൽ അത്യുൽസാഹിയായ ഉണ്ണിക്കുട്ടനുമുണ്ട്. അവന് പൂതത്തെ കണ്ടിട്ടും കണ്ടിട്ടും മതിവന്നിട്ടില്ല. കൗതുകം കൊണ്ട് അതിനെത്തന്നെ നോക്കിയും പേടികൊണ്ട് പിന്നോട്ടാഞ്ഞും അമ്മയുടെ ഉടുതുണിത്തുമ്പ് മുറുകെപ്പിടിച്ച് അവരെ മുമ്പോട്ടു നീങ്ങാൻ വയ്യാതാക്കിയും ആ കൊച്ചുവീരൻ നിൽക്കുമ്പോഴാണ് മൂത്തവർ ഈ ചോദ്യം എറിഞ്ഞുകൊടുക്കാറുള്ളത്. 'ഉണ്ണിയെ വേണോ, ഉണ്ണിയെ വേണോ?' നിത്യനൂതനവും രസാവഹവുമായ ഒരു ദൃശ്യം.

അങ്ങനെ അതെന്റെ മനസ്സിൽ ഉണ്ടായിരുന്നു. എപ്പോഴെന്നറിഞ്ഞില്ല, വർണപ്പൊലിമയോടെ അതവിടെ കയറിക്കൂടിയതാവണം, വ്യക്തമായ ഒരാകൃതിയുമില്ലാതെ. ഒരാശയമായിരുന്നുവോ? അല്ല. ഒരു സങ്കല്പം എന്നു പറയാവുന്നതിലേറെ ഒരു സങ്കല്പത്തിന്റെ ജനനത്തിന്ന് അനുകൂലമായ സ്വഭാവവിശേഷത്തെ സൃഷ്ടിക്കുന്ന എന്തോ ഒന്ന് എന്നു പറയുകയാവും ഭേദം. അതിൽനിന്നു മാത്രമായി ഒന്നും മുളച്ചുണ്ടാവാനില്ല. മനസ്സ് അതിന്റെ അടിക്കാട്ടുനിന്ന് കുപ്പയിലേക്ക് പലതിനോടുമൊപ്പം തൂത്തെറിഞ്ഞ ഒരനുഭൂതിവിശേഷം, അനുകൂലമായ കാലാവസ്ഥയും ഊർജ്ജസ്വലമാകുന്ന ഇച്ഛാശക്തിയും കാത്ത് അവിടെ കിടന്നിരിക്കണം. അതിന് തന്നിലേക്കു കടന്നുവരുന്ന ബീജത്തെ ആധാനം ചെയ്യാനും പുനരുൽപാദിപ്പിക്കാനും ശേഷിയുണ്ടായിരുന്നു. ആ ബീജമാവട്ടെ, ഒരു യാദൃച്ഛിക സംഭവമായിരുന്നു.

കവിതയെഴുത്തിന് ഏറ്റവും അനുകൂലമായ ഒരു സാഹചര്യമാണ് കൈവന്നത്. എനിക്ക് എന്നിലേക്കുതന്നെ ഉൾവലിയാനും മനസ്സിന്റെ ചാരിയ വാതിലിനു പിന്നിലിരുന്ന് സ്വന്തം കുടുക്കയിലെ കക്കത്തൊണ്ടുകൾ വാരിയെടുത്ത് പല ആകൃതിയിലും നിരത്താനും തട്ടിക്കളയാനും വീണ്ടും വീണ്ടും ഇതൊക്കെ ആവർത്തിക്കാനും കഴിഞ്ഞു. എന്റെ ഇച്ഛയ്ക്കൊത്ത ഒരു പ്രപഞ്ചം ആസന്നപ്രഭാതത്തിന്റെതുപോലുള്ള മൂടലിൽ മെല്ലെ മെല്ലെ രൂപപ്പെട്ടു വന്നു. അതോടൊപ്പം മറ്റൊരു പരിണാമംകൂടി നടന്നിരുന്നു. അത് ഏറ്റവും പ്രാധാന്യമുള്ളതാണ്. കുട്ടിക്കാലത്ത് വാത്സല്യമസൃണമായ സ്വരത്തിലും ആധികാരിക ബോധത്തോടെയും നിരവധി കഥകൾ പറഞ്ഞുതന്ന ഒരു ജ്യേഷ്ഠത്തിയുണ്ട്. അവരുടെ ഈണങ്ങൾ എന്റെ മനസ്സ് സ്വായത്തമാക്കുകയായിരുന്നു. സൃഷ്ടിക്കാൻ പോകുന്ന കൊച്ചുലോകത്തിന് അതിന്റെ അതിർവരമ്പുകൾ തെളിഞ്ഞുവരുന്നതോടുകൂടിത്തന്നെ വാവദൂകത കൂടി കൈവരുന്നത് ഒരു നല്ല ലക്ഷണമാണ്. അങ്ങനെ ശബ്ദശേഷിയുള്ള ഒരു വസ്തു, അസ്ഫുടതാളരൂപാത്മകമായ ഒന്ന്, ഉരുക്കൂട്ടിക്കഴിഞ്ഞു.

മനസ്സ് ഉത്കണ്ഠാപൂർണവും ആശങ്കാമയവുമായ മുഹൂർത്തങ്ങൾ തരണം ചെയ്യുകയാണ്. ഈ അവസരത്തിലാണ് ഞാൻ ഏറ്റവും അനുകമ്പ്യനാകത്തക്കവണ്ണം ദുശ്ശീലം കാണിക്കാറുള്ളത്. പലപ്പോഴും ഏകാന്തത ഭഞ്ജിക്കപ്പെടുന്നു. ജീവിതവൃത്തിയുടെ പല്ലൻ ചക്രങ്ങൾ മാംസത്തിൽ ആഞ്ഞിറക്കിക്കൊണ്ട് മുമ്പോട്ട് തിരിയുമ്പോൾ ഏറെ നേരം ധ്യാനനിരതനായിരിക്കാൻ വയ്യ. ദിവ്യതേജസ്സിനെ സാക്ഷാൽക്കരിക്കാൻ ഉൾത്തടം നിശ്ചലമാക്കുന്ന വഴിക്കുളത്തിന് വിഴുപ്പുകെട്ടുമായി വരുന്ന അലക്കുകാരനെ വിലക്കാൻ അധികാരമില്ല. പക്ഷേ, ചിന്നിച്ചിതറുന്ന കൊച്ചോളങ്ങളിൽ ആദിത്യമണ്ഡലത്തിന്റെ ക്ഷണിക പ്രതിഫലനങ്ങളെ അനുസ്യൂതം വഹിച്ചുകൊണ്ട് കർമവ്യഗ്രമായി അതങ്ങനെ നിന്നു തിരിയും. പക്ഷേ, ഇത്തവണ മനസ്സ് വിഴുപ്പൊലുമ്പിക്കലങ്ങുന്നതിനു മുമ്പായി അതിൽനിന്ന് ആദ്യഖ

ണ്ഡിക – "കേട്ടിട്ടില്ലേ തുടികൊട്ടും കലർന്നോട്ടു ചിലമ്പിൻ കലമ്പലുകൾ"..... എന്നു തുടങ്ങുന്ന ആദ്യഖണ്ഡിക മുക്കിയെടുത്തുവയ്ക്കാൻ കഴിഞ്ഞു.

വീണ്ടും ഞാൻ ആ കൃതി തുടർന്നെഴുതാനിരുന്നത് ഒരു രാത്രിക്കു ശേഷമാണ്. തലേദിവസത്തെ സങ്കല്പം തകർന്നു കഴിഞ്ഞു എന്നായിരുന്നു ധാരണ. ചോര വാരുന്ന പുത്തൻ മുറിവിൽനിന്ന് മുഗ്ധസങ്കല്പങ്ങളിലേക്കു പറന്നുയരാനുള്ള മനുഷ്യമനസ്സിന്റെ കഴിവുകളിൽ എന്റെ വിശ്വാസം അത്രയ്ക്കൊന്നും അചഞ്ചലമല്ല. എന്നാലും എഴുതി വച്ചിരുന്ന ആദ്യ ഖണ്ഡിക രണ്ടു മൂന്നു തവണ ഉരുവിട്ടതോടുകൂടിത്തന്നെ മനസ്സ് വികാരവത്താവുകയും ഒരു താളക്കുത്തിൽ വേഗം വേഗം എഴുതാൻ സാധിക്കുകയും ചെയ്തു. കേവലം ബുദ്ധിപരമായ വിഷമങ്ങളേ പിന്നെ നേരിടുന്നുള്ളു. ഒരു സന്ദർഭത്തെക്കുറിച്ചു പറയാം: സാമാന്യവിവരണത്തോടുകൂടി പൂതത്തെ അവതരിപ്പിച്ചശേഷം എനിക്കു പറയാനുള്ള കഥ തുടങ്ങുന്നതിനുമുമ്പ് അതെങ്ങനെ വേണ്ടൂ എന്ന കാര്യത്തിൽ നന്നേ വിഷമിച്ചു. പദ്യമയമായ ഒരാഖ്യാനത്തിനിടയിൽ അതിന്റെ ഒഴുക്കിനെ തടഞ്ഞു വെച്ച് ഒരു ഗദ്യഖണ്ഡം എഴുതിച്ചേർക്കുക എന്നത് സാഹസമാവുമെന്നു തോന്നി. പക്ഷേ നീളൻ കവിതകൾ റേഡിയോവിൽ പ്രയോഗിക്കുമ്പോൾ ആവശ്യമെങ്കിൽ കവിക്ക് സ്വന്തമായി ഗദ്യാത്മകങ്ങളായ വിവരണങ്ങൾ കൊടുക്കാമെന്ന് അതിന്റെ അധികാരികൾ ഉപദേശിച്ചിരുന്നു. കാവ്യരചനാപന്ഥാവിൽ അത്രയ്ക്കൊന്നും കാലുറയ്ക്കാത്ത എനിക്ക് ആ ഉപദേശം പ്രായോഗികമാക്കുന്നത് ക്ലേശകരമായിത്തോന്നി. എങ്കിലും അതൊരു സൂത്രം തന്നെയാണെന്ന് ബുദ്ധി ഉപദേശിച്ചു. വീണ്ടും കുറെ സ്വൈരക്കേടുകൾ. ഒടുവിൽ ഒരു പാപബോധത്തോടുകൂടി ഞാനതു ചെയ്തു. അങ്ങനെ ആ കൃതിയിൽ അങ്ങിങ്ങു നിബന്ധിച്ചിട്ടുള്ള വാചകങ്ങളിൽ ആദ്യമായി എഴുതിയത് "ഈ അസത്തു പൂത"ത്തിന്ന് എന്നു തുടങ്ങുന്ന വാചകമാണ്. പിന്നീടാണ് ഐകരൂപ്യത്തിനു വേണ്ടി കാവ്യാരംഭത്തിലും തുടർന്ന് ഇടവിട്ടും എഴുതിച്ചേർത്ത വിവരണങ്ങൾ നിബന്ധിച്ചത്.

ഒരു കൃതി എഴുതിത്തീർത്ത ഉടനെ, അത് എത്രമാത്രം ഫലിച്ചു എന്നറിയേണ്ടതിലേക്ക് രചയിതാവുതന്നെ വായിച്ചു നോക്കുന്നത് മിക്കവാറും നിഷ്ഫല വ്യായാമമാണ്. കടലാസിലേക്കു പകർക്കപ്പെട്ട വരികളും കവിയുടെ ഭാവനയിൽ അപ്പോൾ നിലനിൽക്കുന്ന പൂർണരൂപവും ഒന്നാവണമെന്നില്ല. ഭാവനയിൽ ഉണ്ടായിരുന്ന അസംസ്കൃതവസ്തുവിൽനിന്ന് പലതും പൊയ്ക്കഴിഞ്ഞിരുന്നു. തൽഫലമായി ഉണ്ടാകേണ്ട മിഴിവും ശോഭയും കിട്ടിക്കഴിഞ്ഞുവോ എന്ന് തൽസമയം മനസ്സിലാക്കാൻ വിഷമമുണ്ട്. പിന്നീട് എന്റേതെന്ന് വിളിക്കപ്പെടുന്ന ഒരു കവിതാഖണ്ഡത്തെ മറ്റുള്ളവരെപ്പോലെ എനിക്കും പുറമെനിന്നു നോക്കിക്കാണണമെങ്കിൽ ആ കൃതി ഉടലെടുക്കാൻ അനുകൂലമായി എന്റെ സങ്കല്പത്തിലുണ്ടായിരുന്ന സാഹചര്യങ്ങൾ ഒട്ടൊന്നു മായാതെ വയ്യ. പക്ഷേ, ഈ കാരണം കൊണ്ടല്ല, പൂതപ്പാട്ട് എഴുതിക്കഴിഞ്ഞപ്പോൾ അതാകെ ഒരാവൃത്തി വായിച്ചു നോക്കിക്കളയാമെന്നുപോലും എനിക്കു തോന്നാഞ്ഞത്. അതിനെക്കുറിച്ച് ഒരു പരാജയബോധമാണ് മുന്നിട്ടു നിന്നിരുന്നത്. ആണുങ്ങളെപ്പറ്റി ഇങ്ങനെ പറയാമെങ്കിൽ, ഒരു ചാവുപിള്ളയെപ്പെറ്റ തള്ളയെപ്പോലെ ഞാനപ്പുറത്തേക്ക് തിരിഞ്ഞുകിടന്നു; വ്യസനിക്കാൻപോലും വയ്യാതെ. ആ സുഖവും നിഷേധിക്കപ്പെട്ടു. എന്നെയും ചുമന്ന് ഓടുന്ന ജീവിതക്ലേശത്തിന്റെ ബ്രേക്കില്ലാ ചക്രങ്ങൾ ഉരുളാൻ തുടങ്ങിയിരുന്നു.

ഇതിനിടയ്ക്ക് ഒരാൾ ഞാൻ തലങ്ങും വിലങ്ങുമായി കുറിച്ചിട്ടിരുന്ന കടലാസു കഷണങ്ങൾ പെറുക്കി നല്ല കടലാസിൽ അത് പകർത്തി വെച്ചിരുന്നു. ഘുണാക്ഷരന്യായത്തെ ഓർമിപ്പിക്കുന്ന ആ കയ്പടയിൽ ഒരു നല്ല കവിതയ്ക്കും ജീവിക്കാൻ വയ്യ. അത്യാവശ്യമെന്നു തോന്നിയ തിരുത്തലുകൾ ചെയ്ത് ഞാനത് ആവതും മിനുസപ്പെട്ട കടലാസിൽ എന്റെ ഭംഗിയുള്ള കൈയക്ഷരത്തിൽ പകർത്തിയെഴുതി. വായിച്ചു, വായിച്ചു. പിന്നെയും വായിച്ചു. അത്യല്പന്നു കിട്ടിയ പണം പോലെ ഞാനത് ഒരായിരം തവണ തിട്ടപ്പെടുത്തി, പലകാരണങ്ങളാൽ : സമയക്ലിപ്തി അറിയാൻ ഒരു തവണ, ശബ്ദ ഭംഗി പരിശോധിക്കാൻ ഒരു തവണ, ഭാവസ്ഫുർത്തി

വന്നുവോ എന്നു നോക്കാൻ മറ്റൊരു തവണ; വാസ്തവത്തിൽ എല്ലാ തവണയും സ്വന്തം സൗന്ദര്യം നോക്കിക്കാണാൻ, എല്ലാ തവണയും ഇത്തിരിപ്പൊട്ടു തൊടാനാണോ ഒരു പെൺകിടാവ് കണ്ണാടിക്കു മുമ്പിൽ സ്ഥിരതാമസമാക്കുന്നത്!

എന്നിട്ടും പ്രക്ഷേപണത്തിനു മുമ്പ് കവി താമർമജ്ഞനായ ആ ഉദ്യോഗസ്ഥന്റെ അടുത്തിരുന്ന് കവിത വായിക്കാൻ തുടങ്ങിയപ്പോൾ എന്റെ ആത്മവിശ്വാസത്തിന്റെ കഥ പരിതാപകരമായിരുന്നു.

**ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ] [ഇടശ്ശേരി**

## അവധാരണചോദ്യങ്ങൾ

- ബോധത്തിന്റെ തന്ത്രിയിൽ ഒരു താളസ്ഫുരണം പോലുമില്ല - സൂചിപ്പിക്കുന്നതെന്ത്?
- അതിന്റെ തന്ത്രികൾ താളാത്മകമായിക്കഴിഞ്ഞിരുന്നു- തന്ത്രികളെ താളാത്മകമാക്കിയതെന്ത്?
- ബാലമനസ്സ് മനോരാജ്യമണ്ഡലത്തിൽ വാഴിച്ചുപോകുന്നത് എന്തൊക്കെയാണ്?
- ഒരു സങ്കല്പത്തിന്റെ ജനനത്തിന് അനുകൂലമായ സ്വഭാവവിശേഷത്തെ സൃഷ്ടിക്കുന്ന എന്തോ ഒന്ന് - ഇവിടെ സൂചിപ്പിക്കുന്ന ഈ ഒന്നിന്റെ സവിശേഷതയെന്ത്?
- വാവദൂകത കൈവരുന്നത് എപ്പോഴാണ്?
- ഒരു ചാവുപിള്ളയെപ്പെറ്റ തള്ളയെപ്പോലെ ഞാനപ്പുറത്തേക്ക് തിരിഞ്ഞു കിടന്നു - സൂചനയെന്ത്?
- അത്യല്പനു കിട്ടിയ പണംപോലെ ഞാനത് ഒരായിരം തവണ തിട്ടപ്പെടുത്തി - തിട്ടപ്പെടുത്തിയത് എന്തെല്ലാം?

■



# 9. പഥികന്റെ പാട്ട്



മുകളിൽ മിന്നുന്നൊരു താരമേ, ചൊൽക നീ-
യകലെയെങ്ങാനും പ്രഭാതമുണ്ടോ?

അരിമ കോലുന്ന നിന്നാനനമിങ്ങനെ
വിരിവതെന്തത്ഭുതഹർഷവായ്പാൽ?

കുളിർകോരിയിട്ടിടും നിന്നൊടൊപ്പം കിട-
ന്നിളകുകയാണെന്നുണർന്ന ജീവൻ.

തരളമാം നിൻകണ്ണിലോമനേ, കാൺമു ഞാൻ
ചിരിയോ തിളങ്ങുന്ന കണ്ണുനീരോ?

ഇരുളിൽനിന്നെന്നുമിരുളിലേക്കും സ്വയം
മരുവിൽനിന്നെന്നും മരുവിലേക്കും

പലയുഗമായിക്കടന്നു ചുറ്റിത്തിരി-
ഞ്ഞലയും മനസ്സിൻ ദുരന്തദാഹം

ഉലകിലെ വേർപ്പും പൊടിയുമേലാതെ മേൽ-
നിലയിൽ നില്ക്കുന്ന നീയറികയില്ല.

അഴലിൻ കഥകളെ വിസ്തരിച്ചീടുന്ന
പഴയകാലത്തിൻ സ്മരണ മാത്രം

ഉടനീളമാർന്ന വഴികളിൽക്കാൽകുഴ-
ഞ്ഞിടറുമെന്നൊട്ടകം നീങ്ങിടുന്നു.

പിറകിലും മുൻപിലും രണ്ടു പാർശ്വത്തിലും
മുറവിളിയല്ലാതെ കേൾപ്പതില്ല!

ചിലരുടെ തൃഷ്ണ കുറയ്ക്കുവാൻ കുത്തുന്നു
പലരുടെ കണ്ണു തണ്ണീരിനായി!

അതിലെഴുമുപ്പിനാൽപ്പിന്നെയും പിന്നെയു-
മവരുടെ തൊണ്ട വരണ്ടിടുന്നു!

കരളിന്റെ സഞ്ചിയിലാർദ്രതതൻ ചെറു-
കണികയുമില്ലാതെയായ്ക്കഴിഞ്ഞു.

കുളിരും മണവും കലർന്നൊരു തെന്നലിൻ
തെളി കൊതിച്ചെരിപൊരിക്കൊൾവു ഞങ്ങൾ;

കൊലനിലത്തിങ്കലെച്ചോരതൻ പാഴ്മണം
കലരുന്ന കാറ്റേ വരുന്നതുള്ളു.

ഒരു മുഖമ്മൂടി വെക്കാത്ത ചങ്ങാതിയെ-
യരികിലുമകലെയും കാണ്മതില്ല.

നിപുണരാം തസ്കരഘാതകന്മാരുടെ
നിഴലുകളെങ്ങുമനങ്ങിടുന്നു.

അലയുകയാണെന്റെയൊട്ടകമീ വഴി-
ക്കലഘുവാം ജീവിതഭാരമേന്തി.

കൊലവിളി കേൾക്കാതെ, കൊലനിലം കാണാതെ,
കലഹവിദൂരമാം വിൺപരപ്പിൽ

ഇരുൾ ചുഴന്നീടാതെ, കരളുഴന്നീടാതെ,
ദുരിതദുർഗന്ധം ശ്വസിച്ചിടാതെ,

അടിമയാക്കീടാതെ, യടിമയായീടാതെ,-
യനുജന്റെ കണ്ണീർ കുടിച്ചിടാതെ,

ഉലകിന്റെ സർഗകാലംമുതൽക്കൊന്നിലു-
മുലയാതെ മേവുന്ന മോഹനാത്മൻ

ഗഗനകൂടാരം തുറന്നു നീ നോക്കുകൊ,-
ന്നകലെയെങ്ങാനും പ്രഭാതമുണ്ടോ?

നിരുപമസ്നേഹത്തിൻ ചിറ്റോളമോലുന്ന
നിറവെഴും പൊയ്കയെങ്ങാനുമുണ്ടോ?

തളരുമെന്നൊട്ടകത്തിന്നിളവേകുവാൻ
തഴമരുപ്പച്ചയില്ലെങ്ങുമെന്നോ!

**ജി.യുടെ തെരഞ്ഞെടുത്ത കവിതകൾ]**

**[ജി.ശങ്കരക്കുറുപ്പ്**

## അവധാരണചോദ്യങ്ങൾ

- കവിയുടെ ഏത് അവസ്ഥയാണ് നക്ഷത്രത്തിന് അറിയില്ലെന്നു പറയുന്നത്? എന്തുകൊണ്ട്?
- മനുഷ്യരിലെ ഹൃദയശൂന്യത കവി ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ?
- കവിയുടെ ഒട്ടകം സഞ്ചരിക്കുന്ന വഴി എപ്രകാരമുള്ളതാണ്?
- നക്ഷത്രത്തിന്റെ ലോകത്ത് കവി കാണുന്ന മേന്മകൾ എന്തെല്ലാം?

■

## പഠനപ്രവർത്തനങ്ങൾ

### ❑ പ്രയോഗവിശേഷങ്ങളുടെ ഭംഗി കണ്ടെത്തുക

- ദിവ്യതേജസ്സിനെ സാക്ഷാൽക്കരിക്കാൻ ഉൾത്തടം നിശ്ചലമാക്കുന്ന വഴിക്കുളത്തിന് വിഴുപ്പുകെട്ടുമായി വരുന്ന അലക്കുകാരനെ വിലക്കാൻ അധികാരമില്ല.
- ഒരു ചാവുപിള്ളയെപ്പെറ്റ തള്ളയെപ്പോലെ ഞാനപ്പുറത്തേക്ക് തിരിഞ്ഞു കിടന്നു.

### ❑ ബിംബകല്പന കണ്ടെത്തുക

- "കൺമഷി ചിന്തിയ കുന്നിമണിതൻ മന്ദാക്ഷവും" എന്ന വരിയിൽ നിഷ്കളങ്കയായ ഒരു ഗ്രാമീണപെൺകുട്ടിയുടെ ചിത്രം തെളിയുന്നു. ശ്രദ്ധയോടെയുള്ള കണ്ണെഴുത്തില്ല. പകരം കൺമഷി ചിന്നിയിരിക്കുകയാണ്. കറുത്ത പൊട്ടുള്ള കുന്നിക്കുരുവിനെക്കുറിച്ച് പറയുന്ന ഈ വർണനയിൽ മന്ദാക്ഷത്തോടെ നിൽക്കുന്ന ഗ്രാമീണ പെൺകുട്ടിയുടെ ചിത്രം പ്രതിബിംബിപ്പിക്കാൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്.

  - ബിംബകല്പനയ്ക്ക് കൂടുതൽ ഉദാഹരണങ്ങൾ വിഷുക്കണി, പഥികന്റെ പാട്ട് എന്നീ കവിതകളിൽനിന്ന് കണ്ടെത്തുക.

### ❑ അഭിമുഖം

- തുടികൊട്ടും ചിലമ്പൊലിയും എന്ന ലേഖനം അഭിമുഖത്തിന്റെ രൂപത്തിൽ മാറ്റിയെഴുതുക.

### ❑ സ്വാരസ്യം വിശദമാക്കുക

- കൂട്ടുകാരോടുംകൂടിപ്പാഞ്ഞെത്തിപ്പെറുക്കുന്ന<br>നാട്ടുമാമ്പഴങ്ങൾ തൻ ഭിന്നഭിന്നമാം സ്വാദും<br>വയലിൻ കച്ചിപ്പുകമണവും, സ്വർഗത്തിലേ-<br>ക്കുയരും വെൺമുത്തപ്പത്താടിതൻ ചാഞ്ചാട്ടവും
- തേനാളും കനിയൊന്നും തിരിഞ്ഞു നോക്കീടാതെ<br>ഞാനാകും പുളിങ്ങയെയെങ്ങനെ കാമിച്ചു നീ?
- ചിലരുടെ തൃഷ്ണ കുറയ്ക്കുവാൻ കുത്തുന്നു<br>പലരുടെ കണ്ണു തണ്ണീരിനായി!<br>അതിലെഴുമുപ്പിനാൽപ്പിന്നെയും പിന്നെയു-<br>മവരുടെ തൊണ്ട വരണ്ടിടുന്നു!<br>കരളിന്റെ സഞ്ചിയിലാർദ്രതതൻ ചെറു-<br>കണികയുമില്ലാതെയായ്ക്കഴിഞ്ഞു.

### ❑ ആസ്വാദനം തയാറാക്കുക

- വിഷുക്കണി എന്ന കവിതയിലെ വാങ്മയ ചിത്രങ്ങൾ കണ്ടെത്തി ആസ്വാദനം എഴുതുക.

### ❑ ഉപന്യാസം തയാറാക്കുക

- സാമൂഹിക പ്രശ്നങ്ങളോടുള്ള കവിയുടെ പ്രതികരണം 'പഥികന്റെ പാട്ട്' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?

### ❑ ആശയം വിശദമാക്കുക

എങ്ങു മനുഷ്യനു ചങ്ങല കൈകളി-<br>
ലങ്ങെൻ കൈയുകൾ നൊന്തീടുകയാ-<br>
ണെങ്ങോ മർദന, മവിടെ പ്രഹരം<br>
വീഴുവതെന്റെ പുറത്താകുന്നു.

**(ആഫ്രിക്ക) (എൻ.വി.കൃഷ്ണവാരിയർ)**

### ❑ താരതമ്യം ചെയ്യുക

- ഞാനിതാശംസിക്കാം നീ യഥേഷ്ടം<br>ജ്ഞാനങ്ങൾ നേടിക്കഴിയുമ്പോഴും<br>ഈ മനശ്ശോഭയൊത്തിശ്ശരീര-<br>സ്ഥേമാവഭംഗുരമാക നിങ്കൽ.
- ഏതു ധൂസരസങ്കല്പങ്ങളിൽ വളർന്നാലും<br>ഏതു യന്ത്രവൽകൃതലോകത്തിൽ പുലർന്നാലും<br>മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻ വെളിച്ചവും<br>മണവും മമതയും ഇത്തിരിക്കൊന്നപ്പൂവും.

രണ്ടു കവികൾ അവരുടെ ബാല്യകാലാനുഭവങ്ങളുടെ പശ്ചാത്തലത്തിൽനിന്ന് ഭാവിതലമുറയ്ക്കു നൽകുന്ന ആശംസകളാണ് ഇവ. ഇവയുടെ അടിസ്ഥാനത്തിൽ ജീവിതത്തോടുള്ള ഇവരുടെ കാഴ്ചപ്പാട് കണ്ടെത്തി വിശദീകരിക്കുക.

### ❑ കുറിപ്പെഴുതുക

താഴെ കൊടുത്തിട്ടുള്ള വരികൾ ഇടശ്ശേരിയുടെ തുടികൊട്ടും ചിലമ്പൊലിയും എന്ന ലേഖനത്തിലെ പരാമർശവുമായി ബന്ധിപ്പിച്ച് പരിശോധിക്കുക.

**വഴിക്കുളം**

" നഭശ്ചരതേജസ്സുകളെന്നിൽ പ്രതിഫലിക്കാവൂ"<br>
വഴിക്കുളം നേർന്നുപോന്നൂ വരണ്ടനാളിൽ.<br>
മദിച്ചുയരും കാറൊരു മണിക്കൂറേ പെയ്തതുള്ളൂ<br>
മനസ്സുകുളിർക്കുമ്മാറക്കുളം നിറഞ്ഞു.<br>
നിറഞ്ഞിട്ടെന്തതിലേലും കലക്കുവെള്ളത്തിലെന്തു<br>
നിഴലിക്കും, നിറംകെട്ട വിഹായസ്സെന്യേ?<br>
"നഭശ്ചരതേജസ്സുകളെന്നിൽ പ്രതിഫലിക്കാവൂ"<br>
ശരദ്വിഭാതശ്രീ കേട്ടൂ തദർഥനകൾ.

തൂത്തുവാരി വൃത്തിയാക്കി വെച്ചാളവൾ നീലാകാശം
മുത്തുപോലെ വിളക്കിനാൾ വാപീഹൃദയം.
കുറച്ചു മാത്രകൾ, വെറും മാത്രകൾ മതിയിനിയ-
ച്ചിരന്തനസ്വപ്നമൊന്നു സാക്ഷാൽക്കരിക്കാൻ.
കിഴക്കിൻ മുഖം തുടുത്തൂ, കിതച്ചുപാരിട, മിതാ
വഴിക്കുളത്തിനെത്തുന്നൂ വലിയ ഭാഗ്യം!
അനങ്ങാതഖിലപ്രാണനിയന്ത്രണം സാധിച്ചുകൊ-
ണ്ടവിടെക്കണ്ണാടി പോലായ്ത്തദന്തരംഗം.
അപ്പൊഴേക്കാണല്ലോ വന്നൂ, നീയാരുടെ ശാപം, നല്ല
കല്പടി മേൽ വിഴുപ്പുമായലക്കുകാരൻ!

**(ഇടശ്ശേരി)**

## ❑ അനുഭവം പങ്കിടുക

- വിഷുക്കണി എന്ന കവിതയിൽ കൗതുകകരമായ ചില ജീവിതാനുഭവങ്ങളും അവ സൃഷ്ടിച്ച അനുഭൂതികളും ഭാവാത്മകമായി ആവിഷ്കരിച്ചിരിക്കുകയാണല്ലോ. ഇതുപോലെ നിങ്ങൾക്കുണ്ടായ ഒരനുഭവം ഗദ്യത്തിലോ പദ്യത്തിലോ ആവിഷ്കരിക്കുക.

## ❑ കാവ്യമേള

തിരഞ്ഞെടുത്ത കവിതകൾ അവതരിപ്പിച്ച് അവയുടെ നിരൂപണവും ചർച്ചയും സംഘടിപ്പിക്കുക.

ചില കവിതകൾ:

- സൂര്യകാന്തി - ജി.ശങ്കരക്കുറുപ്പ്
- കന്നിക്കൊയ്ത്ത് - വൈലോപ്പിള്ളി
- പൂതപ്പാട്ട് - ഇടശ്ശേരി
- അമ്മയും മകനും തുഞ്ചനും - എൻ.വി. കൃഷ്ണവാരിയർ

## ❑ പ്രോജക്ട്

മലയാള കവിതയിൽ ഉപയോഗിച്ചിട്ടുള്ള പുരാവൃത്തങ്ങൾ സമകാലിക ജീവിതത്തെ സ്പർശിക്കുന്നുണ്ടോ?

*പരിഗണിക്കേണ്ട ചില കവിതകൾ*

കർമഭൂമിയുടെ പിഞ്ചുകാൽ - വള്ളത്തോൾ
പൂതപ്പാട്ട് - ഇടശ്ശേരി
കാളിയമർദനം - സുഗതകുമാരി

## ❑ വൃത്തം

പഥികന്റെ പാട്ട് എന്ന കവിതയുടെ ഈണത്തിലും താളത്തിലും ചൊല്ലാവുന്ന കവിതകൾ മുമ്പു പഠിച്ചിട്ടുണ്ടോ? ഒമ്പതാം ക്ലാസിൽ പഠിച്ച പണ്ടത്തെപ്പാട്ടുകൾ, എട്ടാം ക്ലാസിൽ പഠിച്ച കണ്ണനെ കാണാൻ എന്നീ കവിതകൾ ചൊല്ലി നോക്കുക.

1. നമ്മുടെ മാതാവു കൈരളി പണ്ടൊരു
   പൊൻമണിപ്പൈതലായ് വാണകാലം
2. കണ്ണനെക്കാണ്മതിനായല്ലോ പോകുന്നു
   പുണ്യവാനെന്നതു നിർണയം ഞാൻ

ഇതേ ചൊൽവടിവിൽ പഥികന്റെ പാട്ട് ചൊല്ലി നോക്കുക.

മുകളിൽ മിന്നുന്നൊരു താരമേ ചൊൽക നീ-
യകലെയെങ്ങാനും പ്രഭാതമുണ്ടോ?

കാര്യമായ വ്യത്യാസമൊന്നുമില്ലല്ലോ. എങ്കിലും ഓരോ വരിയുടെയും തുടക്കത്തിൽ ഒരു പ്രത്യേകത അനുഭവപ്പെടുന്നില്ലേ. എന്താണ് അതിനു കാരണം?

പണ്ടത്തെപ്പാട്ടുകൾ, കണ്ണനെ കാണാൻ എന്നീ കവിതകൾ മഞ്ജരീവൃത്തത്തിൽ എഴുതിയിട്ടുള്ളവയാണ്. കാകളി എന്ന അടിസ്ഥാന വൃത്തത്തിന്റെ ഓരോ ഈരടിയിലും അവസാനത്തെ രണ്ടക്ഷരം കുറയ്ക്കുമ്പോഴാണ് മഞ്ജരിയാകുന്നത്. മൂന്നക്ഷരത്തിന് അഞ്ചു മാത്ര എന്ന തോതിൽ ഓരോ വരിയിലും നാലു ഗണം വരുന്നതാണ് കാകളി. അതായത്, കാകളിയുടെ എല്ലാ വരികളിലും12 അക്ഷരം ഉണ്ടായിരിക്കും. മഞ്ജരിയുടെ ഓരോ ഈരടിയിലും 12, 10 എന്ന ക്രമത്തിലാണ് അക്ഷരസംഖ്യ.

ഇനി പഥികന്റെ പാട്ട് എന്ന കവിതയിലെ അക്ഷരസംഖ്യ പരിശോധിക്കുക. 13, 11 എന്ന ക്രമത്തിലല്ലേ കാണുന്നത്. എന്നിട്ടും മഞ്ജരിയുടെ ഈണത്തിൽ അതു ചൊല്ലാൻ കഴിയുന്നത് എന്തുകൊണ്ട്?

മഞ്ജരിയിലെ എല്ലാ വരികളിലും ആദ്യഗണം നാലക്ഷരത്തിലാക്കിയിരിക്കുകയാണ്. മാത്ര അഞ്ചു തന്നെയാണ്. മറ്റു ഗണങ്ങളിലെല്ലാം മൂന്നക്ഷരത്തിൽ അഞ്ചു മാത്ര വരുമ്പോൾ ആദ്യഗണത്തിൽ നാലക്ഷരത്തിലാണ് അഞ്ചു മാത്ര വരുന്നത്. മാത്രയിൽ വ്യത്യാസമില്ലാത്തതുകൊണ്ടാണ് ഈ കവിത മഞ്ജരിയുടെ ചൊൽവടിവിൽത്തന്നെ നിൽക്കുന്നത്.

## ❑ വായനക്കുറിപ്പ് എഴുതുക

- കാഥികന്റെ പണിപ്പുര-എം.ടി. വാസുദേവൻ നായർ
  കാവ്യലോക സ്മരണകൾ- വൈലോപ്പിള്ളി

❁❁❁❁❁❁